പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 5805 — 25/05/2017 ൽ മറുപടിക്ക്

## പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ കെട്ട കാര്യസ്ഥത

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഇ.കെ.വിജയൻ** | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ കെട്ടകാര്യസ്ഥത ഇല്ലാതാക്കാൻ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ട്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയും, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തി വിപണന സംവിധാനം വിപുലപ്പെടുത്തിയും, സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കിയും സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.<br><br>ഓരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകനത്തിനു വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ സഹായിക്കുന്നുണ്ട്..<br><br>ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നീ നടപടികൾക്ക് മുൻ തൂക്കം നൽകിക്കൊണ്ടുള്ള നവീകരണ വിപുലീകരണ പദ്ധതികൾ നടപ്പിലാക്കുവാൻ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 270 |

കോടിരൂപയുടെ പദ്ധതി വിഹിതം സർക്കാർ അനുവദിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം തുടർച്ചയായ മോണിട്ടറിംഗിന് വിധേയമാക്കുന്നതിനാൽ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന മികവുറ്റ സാങ്കേതികവും ഭരണപരവുമായ നടപടിക്രമങ്ങ ളിലൂടെ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടു ത്തുന്നതിന് സഹായകമായിട്ടുണ്ട്.

കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇൻേറണൽ ആഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

സെക്ഷൻ ഓഫീസർ